# ‘എനിക്കു ദൈവത്തോടുള്ള ബന്ധം’

## റോമർ 1:19 –20

**“ദൈവത്തെക്കുറിച്ച് അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ.”**

ഇന്നത്തെ നമ്മുടെ ചിന്തക്കുള്ള വചനം വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്, ഒരിക്കൽ ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഒരാൾക്കു പോലും ദൈവത്തോട്, ഇങ്ങനെ ഒരു ദൈവത്തെയോ, ആ ദൈവം ഈ ഭൂവിൽ അധിവസിച്ചിരുന്നു എന്നതോ ഞങ്ങൾ അറിഞ്ഞിരുന്നില്ല എന്നു പറയുവാൻ സാധിക്കില്ല, കാരണം വചനം പറയുന്നു, അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു എന്ന്. ഈ പ്രപഞ്ചത്തെയും അതിലുള്ള സകല ചരാചരങ്ങളെയും എന്തിന് മനുഷ്യനെയും സൃഷ്ടിക്കുക വഴി അവൻ സകലത്തിന്റെയും സൃഷ്ടാവാം ദൈവം ആണെന്നു നമുക്ക് അതിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കും. അത് ഇനി മനസ്സിലാക്കുവാനുള്ള ബുദ്ധിയുടെ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും ശരി അവനവനുള്ള ബുദ്ധിക്കനുസരിച്ച് അത് തെളിവായി വരുന്നു എന്നാണ് വചനം പറയുന്നത്.

വാസ്തവത്തിൽ ഇന്ന് ദൈവം ഉണ്ടെന്നും അവനാണ് ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവെന്നുമുള്ള കാര്യം മനുഷ്യനു സമ്മതിക്കാൻ സാധ്യമാവാതെ പോവുന്നത് ഒരൊറ്റ കാരണം കൊണ്ടാണ്, അവനു ഈ ദൈവത്തിനു മുമ്പിൽ വിധേയപ്പെട്ടിരിക്കാൻ മനസ്സില്ല. അത് ആദിയിൽ ഏദൻ തോട്ടത്തിൽ തുടങ്ങിയ ഒരു കാര്യമാണ്. ദൈവം തന്റെ സ്നേഹം പങ്കിടാൻ ആക്കിവെച്ച ആദാമും ഹൗവ്വയും സാത്താന്റെ ചതിക്കുഴിയിൽ വീണ് ദൈവത്തോടുള്ള വിധേയത്വം നഷ്ടപ്പെടുത്തി. അതു വഴി മനുഷകുലം ഒന്നാകവെ ആ പാപത്തിൽ ആയിപ്പോയി. എന്നാൽ അതിൽ നിന്നുള്ള വിടുതൽ ദൈവം ഒരുക്കിയതോ സ്വപുത്രനെ പാപപരിഹാരമാക്കി തീർത്തതു തന്നെ. സൃഷ്ടാവാം ദൈവത്തെ അറിഞ്ഞ ഒരുവൻ രക്ഷിതാവാം ദൈവത്തെ അറിയുകയും ആ മഹത്തരമായ ദാനം ഏറ്റെടുക്കുകയും ചെയ്യണം. അങ്ങനെ എങ്കിൽ നാം ഈ ദൈവത്തിനു മക്കളും അവൻ നമുക്കു പിതാവും

ആയിത്തീരും. റോമർ 8:16 ൽ പറയുന്നു, “നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു.” എന്ന്.

ദൈവത്തെക്കുറിച്ച് ദൈവം വെളിപ്പെടുത്തുകയും അതിനനുസരിച്ചു ദൈവവുമായുള്ള ബന്ധത്തിൽ ദൈവമക്കളുടെ വളർച്ചയും ആണ് നാം കണ്ടത്. മുന്നോട്ടു പോകുമ്പോൾ ഈ പിതാവാം ദൈവത്തിൽ നിന്ന് അവൻ നമ്മുടെ കർത്താവാം ദൈവം എന്നുള്ള ഒരു ബന്ധത്തിലേക്ക് ആയിത്തീരുന്നു. അത് പക്ഷെ നാം നമ്മുടെ ജീവിതത്തിന്റെ പൂർണ്ണ കർതൃത്വം അവനെ ഏൽപ്പിക്കുന്നു എങ്കിൽ മാത്രം. അവൻ നമ്മുടെ ജീവിതത്തിന്റെ കർത്താവായി തീരുമ്പോൾ നമ്മുടേതായ ഇഷ്ടങ്ങളും ആഗ്രഹങ്ങളുമെല്ലാം മാറ്റപ്പെടുന്നു. അവിടെ കർത്താവിന്റെ ഹിതം നിറവേറുന്നതിന്നും അവന്റെ ആഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിൽ നടപ്പാകുന്നതിനും നാം നമ്മെ തന്നെ ഏൽപ്പിച്ചു കൊടുക്കുന്നതായി കാണാം. ഇപ്രകാരം നാം കർത്താവാം ദൈവത്തിനു വിധേയപ്പെട്ടു ജീവിക്കുക വഴി ദൈവവുമായുള്ള നമ്മുടെ ബന്ധം അതിന്റെ അടുത്ത തലമായി നാം ഏവരും പ്രത്യാശയോടെ കാത്തിരിക്കുന്ന ആത്മമണവാളനാം ദൈവം എന്നുള്ള നിലയിലേക്കുയരപ്പെടും. ആ ഒരു ദിവസത്തിനായി നമുക്ക് വിശുദ്ധയും നിർമ്മലകന്യകയുമായ മണവാട്ടിയായി കാത്തിരിക്കാം. അവന്റെ രണ്ടാം വരവിൽ നമ്മെയും അവൻ തന്റെ മണവാട്ടി സഭയോട് ചേർത്ത് നമ്മെ തന്റെ രാജ്യത്തിലേക്ക് ആനയിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 101:1–3

ഞാൻ ദയയെയും ന്യായത്തെയും കുറിച്ചു പാടും; യഹോവേ, ഞാൻ നിനക്കു കീർത്തനം പാടും. ഞാൻ നിഷ്കളങ്കമാർഗ്ഗത്തിൽ ശ്രദ്ധവെയ്ക്കും; എപ്പോൾ നീ എന്റെ അടുക്കൽ വരും? ഞാൻ എന്റെ വീട്ടിൽ നിഷ്കളങ്കഹൃദയത്തോടെ പെരുമാറും. ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന്നു മുമ്പിൽ വെക്കുകയില്ല; ക്രമം കെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പറ്റുകയില്ല.

ബ്രദർ ബിനു ബേബി ആലപ്പുഴ 107